**വിപ്രക്ഷത്രിയവിട്ശുദ്രാ മുഖബാഹുരുപാദജാ:**
**വൈരാജാത് പുരുഷാജ്ജാതാ യ ആത്മാചാരലക്ഷണാ: (11-17-13)**
**ഗൃഹാശ്രമോ ജഘനതോ ബ്രഹ്മചര്യം ഹൃദോ മമ**
**വക്ഷ: സ്ഥാനാദ്വനേ വാസോ ന്യാസ: ശീർഷണി സംസ്ഥിത: (11-17-14)**

*ഉദ്ധവൻ പറഞ്ഞു:*
കഴിഞ്ഞ യുഗത്തിൽ അവിടുന്ന് മനുഷ്യരെ സാമൂഹികമായുള്ള പലതരം ധർമ്മങ്ങളെപ്പറ്റിയും വർണ്ണാശ്രമങ്ങളെപ്പറ്റിയും പഠിപ്പിച്ചുവല്ലോ. വർണ്ണാശ്രമധർമ്മങ്ങൾ ഇപ്പോൾ മനുഷ്യർ മിക്കവാറും മറന്നിരിക്കുന്നു. സംപ്രീതനായി എനിക്കു വേണ്ടി അവയെ വിശദീകരിച്ചാലും.

*ഭഗവാൻ കൃഷ്ണൻ പറഞ്ഞു:*
സത്യയുഗത്തിൽ ജനങ്ങൾ എല്ലാവരും ആത്മസംയമനമുള്ള, ആത്മമഗ്നരായ, ശുദ്ധരും പാവനചരിതരും ഹംസങ്ങളുമായിരുന്നു. അടുത്തയുഗമായ ത്രേതായുഗത്തിൽ വിശ്വപുരുഷൻ നാലുവർണ്ണങ്ങളെ സൃഷ്ടിച്ചു. ബ്രാഹ്മണ,ക്ഷത്രിയ,വൈശ്യ,ശൂദ്രജാതികൾ. വിശ്വപുരുഷൻെറ വായിൽനിന്നും ബ്രാഹ്മണർ, കൈകളിൽ നിന്നും ക്ഷത്രിയർ, തുടകളിൽനിന്നും വൈശ്യർ, കാലടികളിൽനിന്നും ശൂദ്രർ. നാല് ധർമ്മാശ്രമങ്ങൾ- ഗൃഹസ്ഥാശ്രമം, ബ്രഹ്മചര്യം, താപസജീവിതം സന്യാസം എന്നിവ യഥാക്രമം എൻെറ അരക്കെട്ടിലും, ഹൃദയത്തിലും, മാറിടത്തിലും ശിരസ്സിലും നിലകൊള്ളുന്നു. അതാതിൻെറ മൂലസ്ഥാനമനുസരിച്ച് ആശ്രമങ്ങൾ അവയുടെ സ്വഭാവസവിശേഷതകൾ കൈവരിക്കുന്നു.

ആത്മനിയന്ത്രണം, തപസ്, പരിശുദ്ധി, സംതൃപ്തി, സത്യം, ദയ, ഭക്തി എന്നിവയാണ് ബ്രാഹ്മണൻെറ സ്വഭാവം. വീര്യം, ഉറപ്പ്, ധൈര്യം, സഹനശക്തി, ഔദാര്യം, പരിശ്രമശീലം, പരം പൊരുളിലുള്ള ഭക്തി എന്നിവ ക്ഷത്രിയ ലക്ഷണം. ഈശ്വരനിലും വേദശാസ്ത്രങ്ങളിലുമുള്ള ശ്രദ്ധാഭക്തി, വിശ്വാസങ്ങൾ, ദാനശീലം, വിനയം, ഭഗവദ്സേവ, മഹാത്മാക്കളെ പരിചരിക്കുക, സമ്പത്തുണ്ടാക്കുവാനായി ഉൽക്കർഷേച്ഛയോടെ പരിശ്രമിക്കുക - ഇവയെല്ലാം വൈശ്യലക്ഷണം. മേൽപ്പറഞ്ഞ മൂന്നുകൂട്ടർക്കുംവേണ്ട പരിചരണങ്ങൾ, പശുക്കൾക്കും ഈശ്വരനും സേവചെയ്യൽ, ആ സേവകളിൽനിന്നും ലഭിക്കുന്ന പ്രതിഫലത്തിൽ സംതൃപ്തി എന്നിവ ശൂദ്രൻെറ ലക്ഷണങ്ങളിൽ പെടുന്നു. മാലിന്യം, അസത്യം, കളവ്, മതനിന്ദ, വെറുപ്പ്, കാമം, ക്രോധം തുടങ്ങിയവ ചാതുർവർണ്ണ്യത്തിൽപ്പെടാത്തവരുടെ സ്വഭാവമത്രെ. അഹിംസ, സത്യം, കളവില്ലാതിരിക്കൽ കാമക്രോധലോഭാദികളിൽനിന്നും മുക്തി, പ്രേമം, സകലജീവികളെയും സ്നേഹത്തോടെ സേവിക്കുക എന്നിവയാണ് സകലർക്കും നിയതമായ ധർമ്മം. വിദ്യാർത്ഥി തൻെറ ഗുരുഗൃഹത്തിൽ പ്രവേശിച്ച് അവിടെ ആത്മസംയമനത്തിൻെറയും പഠനത്തിൻേറതുമായ അച്ചടക്കംനിറഞ്ഞ ജീവിതം നയിച്ച് ഗുരുവിനെ ഈശ്വരതുല്യം സേവിക്കണം. ഗൃഹസ്ഥജീവിതം ആഗ്രഹിക്കുന്നില്ലെങ്കിൽ അവൻ തീവ്രമായ തപശ്ചര്യകളിലൂടെയും ഗുരുസേവയിലൂടെയും സ്വയം ശുദ്ധീകരിച്ച് നിത്യബ്രഹ്മചാരിയായും പ്രഭവാനായ ഭക്തനായും വിരാജിക്കട്ടെ. എന്നാൽ ഗൃഹസ്ഥജീവിതം ആഗ്രഹിക്കുന്നപക്ഷം ഗുരുഗൃഹം വിട്ട് വിവാഹം കഴിച്ച്, ശുദ്ധവും ദിവ്യവുമായ ജിവിതം നയിക്കണം. അത്യാവശ്യഘട്ടങ്ങളിലും, അത്യാഹിതം ഒഴിവാക്കാനും മാത്രം മറ്റുള്ളവർക്കായി വിധിക്കപ്പെട്ട തൊഴിൽ ചെയ്യാൻ ഒരുവന് അനുവാദമുണ്ട്. എന്നാൽ അത്യാവശ്യഘട്ടം കഴിഞ്ഞാലുടൻ തൻെറ സ്വന്തം ജോലികളിലേക്ക് അവൻ മടങ്ങണം.

ഗൃഹസ്ഥൻ എപ്പോഴും താൻെറ ഭാര്യാപുത്രാദികളിലാസക്തനായിത്തീരാതെ ജാഗരൂകനായിരിക്കണം. നിണ്ടൊരു യാത്രയിലെ സഹയാത്രികർ മാത്രമാണവർ. അതിൽ കൂടുതലായി മറ്റൊന്നുമില്ല. ഞാൻ സകല ചരാചരങ്ങളുടെയും രക്ഷകനാണ്. അതുകൊണ്ട് കുടുംബചുമതല തുടങ്ങിയ തെറ്റിദ്ധാരണകൾ വെച്ചു പുലർത്താതെ ഗൃഹസ്ഥൻെറ ധർമ്മങ്ങൾ എന്നോടുള്ള പൂജാക്രമങ്ങൾ പോലെ ഭംഗിയായി നിർവ്വഹിക്കുക.